1845 ജൂലായ്മാസം തന്റെ മഹത്തായ ലക്ഷ്യം സാധിതപ്രായമാക്കാൻ വേണ്ടി അദ്ദേഹം വാൾഡൻ തടാകതീരത്തേക്കുപോയി. ജനവാസമില്ലാത്ത ആ സ്ഥലത്ത് പത്തടി വീതിയും പതിനഞ്ചടിനീളവുമുള്ള ഒരു ചെറിയകുടിൽ അദ്ദേഹം സ്വയം നിർമ്മിച്ചു. 1847 സെപ്തമ്പർമാസംവരെ, പ്രകൃതിയെക്കുറിച്ചും പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും മനുഷ്യന്റെ ആത്മീയമായ അധഃപതനത്തെക്കുറിച്ചും ചിന്തിച്ച്, ഒരു തപസ്വിയുടെ മട്ടിൽ അവിടെ കഴിച്ചുകൂട്ടി. ഇത് ജീവിതത്തിൽനിന്നും ജീവിതസൗകര്യങ്ങളിൽനിന്നുമുള്ള ഒരൊളിച്ചോട്ടമായിരുന്നില്ല. പ്രത്യുത ജീവിതത്തിന്റെ തനതായ മൂല്യം മനസ്സിലാക്കാൻവേണ്ടി, ജീവിതസുഖത്തിന്റെ പേരിൽ പണിതീർത്തിട്ടുള്ള മാറാലകളെ തട്ടിനീക്കി, പ്രകൃതി നൽകിയിട്ടുള്ള ജീവിതത്തിന്റെ സാക്ഷാൽ സ്വരൂപം കണ്ടുപിടിക്കാനുള്ള ഒരാത്മീയ സാഹസമായിരുന്നു, ഈ സംരംഭം. ബാഹ്യലോകത്ത് കാണുന്ന ജീവിതമത്സരത്തിൽനിന്നും മാറി, മനുഷ്യനെ വെറുക്കുന്ന സാഹചര്യത്തിൽനിന്നും വിട്ടുനിന്നു, സ്വന്തം ജീവിതത്തിന്റെ അന്തസ്സത്ത കണ്ടുപിടിക്കാനുള്ള ധീരസാഹസികയത്നമായിരുന്നു ഇത്. തന്റെ താമസക്കാലത്ത് തനിക്കാവശ്യമായ ഭക്ഷണസാധനങ്ങൾ അദ്ദേഹം തന്നെ ഉണ്ടാക്കി. ആവശ്യമായ സസ്യങ്ങളദ്ദേഹം വളർത്തി. ചിലപ്പോൾ സമീപത്തുള്ള അരുവിയിൽനിന്നും മത്സ്യം പിടിച്ചു. അധികമൊന്നും ഉണ്ടാക്കിയില്ല; ആവശ്യത്തിലേറെ ഭക്ഷിച്ചതുമില്ല. അങ്ങിനെ അമിതമായ ആഡംബരമയമായ ജീവിത പ്രലോഭനങ്ങളിൽനിന്നും വ്യതിമാറി, ഏററവും സരള

മായ, ലളിതമായ ജീവിത സമ്പ്രദായത്തിനു അദ്ദേഹം ലോകത്തിനൊരു മാതൃകയായി.

പരിഹസിക്കാനും വിമർശിക്കാനും പലരുമുണ്ടായിരുന്നു; എന്നാൽ ലക്ഷ്യത്തിൽ നിന്നു പിൻമാറുവാൻ തോറോ തയ്യാറായില്ല. നമ്മുടെ ജീവിതത്തെ ബന്ധിച്ചുനിർത്തുന്ന ഭൗതിക സുഖങ്ങളെ ഉപേക്ഷിച്ചാൽ മാത്രമേ നാം ധാർമ്മികമായി പുരോഗമിക്കയുള്ളുവെന്ന് ഉറച്ച് വിശ്വസിച്ചതോടെ, സ്വന്തം ജീവിതം കൊണ്ട് മററുള്ളവർക്ക് മാതൃകയായി. തന്റെ താമസക്കാലത്ത് അദ്ദേഹത്തിന് മററുള്ളവരുമായി സമ്പർക്കമുണ്ടായിരുന്നില്ല. മനുഷ്യസുഹൃത്തുക്കളുടെ സ്ഥാനം ഏറെറടുത്തത് പക്ഷികളും മൃഗങ്ങളുമായിരുന്നു. കർണ്ണകഠോരമായ ശബ്ദങ്ങളിൽ (ഈ നൂററാണ്ടിന്റെ മറെറാരു ശാപം!)നിന്നും അദ്ദേഹത്തിനു അല്പസമയത്തേക്കെങ്കിലും മോചനം ലഭിച്ചു. അകലെ കിടന്ന റെയിൽവേ പാളത്തിൽനിന്നും കേട്ടിരുന്ന തീവണ്ടിയുടെ ചൂളം വിളിയാണ്, ബാഹ്യലോകത്തെക്കുറിച്ച് അദ്ദേഹത്തെ ഓർമ്മിപ്പിച്ചിരുന്നത്. മനുഷ്യന്റെ ധനതൃഷ്ണയിൽ അദ്ദേഹം എന്തെന്നില്ലാത്ത വെറുപ്പ് പ്രകടിപ്പിച്ചു. പൗരസ്ത്യദേശത്തെ സർവ്വഗോപുരങ്ങളെക്കാളും ക്ഷേത്രങ്ങളെക്കാളും തന്നെ ആകർഷിക്കുന്നത് ഇന്ത്യയുടെ ഐതിഹാസിക ഗ്രന്ഥമായ ഗീതയാണെന്നു അദ്ദേഹം ഒരവസരത്തിൽ അഭിപ്രായപ്പെട്ടു.

വാൾഡൻ തടാകതീരത്ത് കഴിച്ചുകൂട്ടിയ ഇരുപത്താറുമാസം തന്റെ ജീവിതത്തിലെ അമൂല്യമായ അദ്ധ്യായമാണെന്ന് അദ്ദേഹം അവകാശപ്പെടുന്നു. തന്റെ അനുഭവം മാത്രം ശരിയാണെന്നോ, മററുള്ളവരുടേതെല്ലാം തെററാണെന്നോ അദ്ദേഹം ഒരിക്കലും അവകാശപ്പെട്ടിരുന്നില്ല. നീണ്ടു നിവർന്നു കിടക്കുന്ന ജീവിതയാത്രയിൽ പലഘട്ടങ്ങളുണ്ടെന്നും, തന്റേത് അതിൽ ഒന്നുമാത്രമാണെന്നും അദ്ദേഹം അവകാശപ്പെട്ടു.

വാൾഡൻ തടാകതീരത്തെ താമസകാലത്ത് അദ്ദേഹത്തിനുണ്ടായ അനുഭവങ്ങളും അഭിപ്രായങ്ങളുമാണ് വാൾഡൻ എന്ന ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അമേരിക്കൻ സാഹിത്യത്തിൽ ഇതുപോലെ ശാശ്വതമൂല്യമുള്ള മറെറാരു ഗ്രന്ഥം—എമേഴ്സന്റെ ചില ലേഖനങ്ങളൊഴിച്ചാൽ—ഇല്ലെന്നു തന്നെപറയാം. അവിവാഹിതനായിരുന്ന തോറോ തന്റെ 45-ാം വയസ്സിൽ ക്ഷയരോഗബാധിതനായി മരിച്ചു.

## അസാധാരണ വ്യക്തിത്വം

മററുള്ളവരിൽനിന്നും തോറോവിനെ വേർതിരിച്ചുനിർത്തുന്നത്, അദ്ദേഹത്തിന്റെ സങ്കീർണ്ണമായ വ്യക്തിത്വമാണ്. പ്രപഞ്ചരഹസ്യങ്ങളിലേക്കു തന്റെ സമകാലികരുടെ ശ്രദ്ധയെ ആകർഷിച്ചുവെന്നതാണ് അദ്ദേഹത്തിന്റെ ഏററവും വലിയനേട്ടം. പ്രകൃതിയുടെ സഹജസ്വഭാവത്തിലേക്കു, അതിന്റെ അത്ഭുതാവഹമായ വശീകരണ ശക്തിയിലേക്ക്, ഭൗതികസുഖത്തിൽ മാത്രം ശ്രദ്ധരായ ഒരു ജനതയുടെ താൽപര്യത്തെ ആകർഷിച്ചുവെന്നതാണ് അദ്ദേഹത്തിന്റെ രണ്ടാമത്തെ നേട്ടം.

സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം, തുടങ്ങിയവ അദ്ദേഹത്തെ സംബ



ന്ധിച്ചിടത്തോളം അധരസേവമാത്രമായിരുന്നില്ല. പ്രവൃത്തിയും പ്രസ്താവനയും അദ്ദേഹം പൊരുത്തപ്പെടുത്തി. തനിക്ക് തെററാണെന്നു ബോദ്ധ്യപ്പെട്ടതിനെ അദ്ദേഹം വെല്ലുവിളിച്ചു. ജനങ്ങളിൽ നിന്നും തെററായ നികുതി വാങ്ങി, മെക്സിക്കൻ യുദ്ധം നടത്തി ധനദുർവ്യയം ചെയ്ത ഗവൺമെൻറിനെ, അദ്ദേഹം എതിർത്തു. നികുതിയടക്കുന്നതിനുപകരം കരിങ്കൽ ഭിത്തിക്കകത്ത് പോയിരിക്കാൻ ആ സ്വാതന്ത്ര്യ പ്രേമി തയ്യാറായി. തോറോവിന്റെ സിവിൽ നിസ്സഹകരണം എന്ന നിബന്ധം അധികാരകുത്തക അവകാശപ്പെടുന്ന ഗവൺമെൻറിനും തലതിരിഞ്ഞ രാഷ്ട്രീയ വൈതാളികർക്കും ഇന്നൊരു പാഠപുസ്തകമാണ്. രാഷ്ട്രത്തിലെ എല്ലാ പൗരൻമാരോടും തുല്യനീതിയോടെ പെരുമാറണമെന്നും അതിനുകഴിവില്ലാത്ത ഗവൺമെൻറിനു നിലനിൽക്കാൻ അർഹതയില്ലെന്നും അദ്ദേഹംവാദിച്ചു. ബ്രിട്ടീഷ് ഗവൺമെൻറിനെതിരെ ജനങ്ങളെ അണിനിരത്താനും അവരെ സഹനസമരത്തിനു സന്നദ്ധരാക്കാനും ഗാന്ധിജിക്കു പ്രചോദനംലഭിച്ചത് തോറോവിൽ നിന്നാണ്. മഹാനായ ടോൾസ്റ്റോയിക്ക തോറോ ആത്മീയ ഗുരുവായിരുന്നു.

ഒരു തത്വചിന്തകൻ, പ്രകൃതിവാദി, സ്വാതന്ത്ര്യഭടൻ, സാഹിത്യകാരൻ എന്നീനിലകളിൽ മായാത്ത വ്യക്തിമുദ്രപതിപ്പിച്ചിട്ടുള്ള അസാധാരണ വ്യക്തിയാണ് ഹെൻറിഡേവിഡ് തോറോ. അദ്ദേഹത്തിന്റെ സ്നേഹിതനും ഗുരുനാഥനുമായിരുന്ന എമേഴ്സൺ, അദ്ദേഹത്തിന്റെ ശവസംസ്കാരവേളയിലിങ്ങനെ പറഞ്ഞു. "തോറോവിനെ കവച്ചുവെക്കുന്ന ഒരു യഥാർത്ഥ അമേരിക്കൻ വേറെയില്ല."

---

(4-ാംപേജിൽ നിന്നും)

കയറിയത് അടുക്കളയിലാണ്. അവിടെ ധൃതിപിടിച്ച് ഓടി നടക്കുന്ന അമ്മയെ കണ്ടു. അമ്മയുടെ മുഖത്ത് അത്ഭുതത്തിന്റെ അടയാളം കാണാതിരുന്നപ്പോൾ എനിക്കും മറിച്ചൊന്നും തോന്നിയില്ല. വികാരങ്ങൾ വെറും കോമാളിയെപ്പോലെ തല കുത്തിമറിഞ്ഞു

ഞാൻ ചത്തില്ല .. എന്നുറക്കെ വിളിച്ചു. പറഞ്ഞപ്പോൾ അമ്മചിരിച്ചു. പിന്നെ കരഞ്ഞു. അത്രമാത്രം.

എനിക്കു വിശക്കുന്നു എന്ന് പറഞ്ഞതായാണ് ഓർമ്മ.

ഓ....അമ്മയിപ്പോ എടുത്തുതരാം....

അമ്മ വീണ്ടും ഓടി നടന്നു.എത്ര പെട്ടെന്നാണ് മുന്നിൽ വിഭവങ്ങൾ നിരന്നത്

എന്റെ ഇഷ്ടപലഹാരങ്ങൾ. പക്ഷേ ഒന്നും കഴിക്കാൻ കഴിയാതിരുന്നതിൽ സങ്കടം തോന്നി.

തല എവിടെയോ നഷ്ടപ്പെട്ടു പോയിരുന്നു....

കണ്ണിനടിയിലെവിടെയോ ..

അതു കഥ. പക്ഷേ ഞാനിന്നും തിരയുകയാണ്

ഓരോ മൺതരികളിലും....

എന്റെ മുഖത്തിനുവേണ്ടി....

ചെറുകഥ :—

# മരിക്കാത്ത ഓർമ്മകൾ

ടി. എസ്. ഷാ
ക്ലാസ് XI

സെക്യൂരിററി പരിശോധനയ്ക്ക് പോകാനുള്ള അനൗൺസ്മെൻറ് കേട്ടിട്ടും കണ്ണിൽ മിന്നൽപ്പിണരും നിശബ്ദതയിൽ ഇടിമുഴക്കവും ഒതുക്കി വർഷമേഘം പോലെ അയാൾ നിന്നു. മനസ്സ് ചലനമററ ഒരു ജലനിരപ്പായി മാറി.

ഗ്രാമത്തിൻെറ മടിത്തട്ടിൽ കുറെനാൾ സർവ്വം മറന്ന് കിടന്നുറങ്ങണമെന്ന് കരുതിയാണ് വന്നത്. അസഹ്യമായ ഉണർത്തുപാട്ടിൻെറ പ്രളയത്തിൽ ഉറങ്ങാൻ മറന്നുപോയി. ഓർമ്മകൾക്ക് എന്താണ് വൃദ്ധിക്ഷയം സംഭവിക്കാത്തത്? മനസ്സിൻെറ ഇലകൊഴിഞ്ഞ ശിഖരങ്ങളിലിരുന്ന് ഒരു വണ്ണാത്തിപ്പുള്ളിനെപ്പോലെ അവ ചിലച്ചുകൊണ്ടിരുന്നു. ആവണിമാസത്തിൻെറ ആഹ്ലാദത്തിമിർപ്പിൽ കോരിത്തരിച്ചു നില്ക്കുന്ന ഗ്രാമത്തിൽ നിന്ന് താൻ ഒളിച്ചോടുകയായിരുന്നല്ലോ. ചോദ്യങ്ങൾ ആയിരം വിമാനങ്ങളുടെ ആരവങ്ങളായി മനസ്സിൻെറ നേർമ്മ കീറിപ്പിളരുന്നു.

വീണ്ടും അനൗൺസ്മെൻറ്. ഇനി പൊയ്ക്കളയാം; സമയമായി.

എവിടെയും ആലിംഗനങ്ങളുടെയും തേങ്ങലുകളുടേയും രംഗങ്ങൾ! സജലങ്ങളായ കണ്ണുകൾ മാത്രം !!

അയാൾ ആർത്തിയോടെ ചുററും നോക്കി. തന്നെ നോക്കി ഒന്നു ചിരിക്കാൻ, ഔപചാരികമായിട്ടെങ്കിലും ഒന്ന് മിഴി നനയ്ക്കാൻ ആരും ഇല്ലല്ലോ. എന്ന് ചിന്തിച്ചപ്പോഴാണ് ആ ചോദ്യം കേട്ടത്.

“സർ, ബോംബെയിലേക്കാണോ?”

ഒരു വൃദ്ധൻ! കൂടെ ഒരു യുവതിയും ഒരു കൊച്ചുപെൺകുട്ടിയും.

“ഇതെൻെറ മകളാണ്. ഭർത്താവിൻെറ അടുക്കലേക്ക് പോവുകയാണ്”.

ധൃതിപിടിച്ചുള്ള വൃദ്ധൻെറ സംസാരം അയാൾക്ക് ഇഷ്ടപ്പെട്ടു.

‘അങ്കിൾ ബോംബെയിലേക്കാണോ?’

“അതെ”.

കുട്ടിയുടെ മുഖത്തേക്ക് നോക്കിയപ്പോൾ, ആ ശബ്ദം കേട്ടപ്പോൾ, മനസ്സിൻെറ ഏതോ ഒരു കോണിൽ. മറന്നുപോയ മോഹങ്ങളുടെ അരിപ്രാവുകൾ കുറുകി............

“മോളുടെ പേരെന്താ ?”

“നിഹ”

“മിടുക്കി”

അയാൾ കുട്ടിയുടെ കൈ പിടിച്ചുകൊണ്ട് നടന്നു.

സെക്യൂരിററി പരിശോധനയ്ക്ക് കുറെനേരം കാത്തിരിക്കേണ്ടിവന്നു. പരിശോധന കഴിഞ്ഞ് ഓരോരുത്തരായി വിമാനത്തിൽ കയറി. കുട്ടിയെ അമ്മയുടെ അടുത്ത് ഇരുത്തിയിട്ട് അയാൾ തൻെറ സീററിൽ പോയിരുന്നു. യാത്രക്കാരൊക്കെ വാതോരാതെ സംസാരിക്കുന്നു. പറഞ്ഞിട്ടും പറഞ്ഞിട്ടും തീരാത്ത നാട്ടുവർത്തമാനങ്ങൾ. പക്ഷേ, അയാളുടെ ശ്രദ്ധ മുഴുവൻ എയർ ഹോസ്ററസ് നന്ദനയുടെ നേർക്കായിരുന്നു. ചിരിക്കാൻ മാത്രമറിയാവുന്ന ചുവന്ന മുഖമുള്ള പെൺകുട്ടി. അതിവിദൂരമായ ഗ്രാമത്തിൻെറ ചിലമ്പുകൾ കിലുങ്ങുന്ന നന്ദന! താൻ യാത്ര ചെയ്തിട്ടുള്ള പല അവസരങ്ങളിലും നന്ദന ഉണ്ടാകാറുള്ള കാര്യം അയാൾ ഓർമ്മിച്ചു. അമ്പതു വർഷത്തെ സ്വകാര്യ ജീവിതത്തിനിടയിൽ മനസ്സ് വ്യക്തിപരമായ അന്വേഷണങ്ങളുടെ സുഗന്ധം ഏററുവാങ്ങിയിട്ടുള്ളത് നന്ദനയുടെ വാക്കുകളിൽ നിന്നുമാത്രമാണ്.

ഒരിക്കൽ വളരെ നാളത്തെ പരിചയത്തിനുശേഷം ഇതുപോലൊരു യാത്രയിൽ അവൾ ചോദിച്ചു.

“സർ, നിങ്ങൾ സ്ത്രീകളെ വെറുക്കുന്നുണ്ടോ ?”

“ഇല്ല, ഒരിക്കലുമില്ല.”

“പിന്നെന്തുകൊണ്ടാണ് നിങ്ങൾ വിവാഹിതനാകാത്തത് ?”

ദീർഘമായ ഒരു നെടുവീർപ്പായിരുന്നു എൻെറ മറുപടി. അറിയില്ല കുട്ടീ, നിൻെറ ചോദ്യത്തിൻെറ ഉത്തരം ഇപ്പോഴും എനിക്ക് അറിയില്ല. അറിയാൻ ശ്രമിച്ചപ്പോഴെല്ലാം അജ്ഞനായിപ്പോയവനാണ് ഞാൻ. അവളുടെ ചോദ്യത്തിനു ഉത്തരം നൽകാൻ കഴിയാതെ അധ്യാപികയുടെ മുമ്പിൽ ഇളിഭ്യനായി നിൽക്കുന്ന ഒരു സ്കൂൾകുട്ടിയായി ഞാൻ ചുരുങ്ങിപ്പോയി ? ഒപ്പം തൻെറ മനസ്സിൽ ഒരു മിന്നൽപ്പിണർ കടന്നുപോയി.

* * * * *

ആർക്കും വേണ്ടാത്ത നിഷേധിയായ ഒരു ബാലനുണ്ടായിരുന്നു. ഗ്രാമത്തിലുള്ള അമ്പലത്തിലെ പടച്ചോറും തിന്ന്, പൊളിഞ്ഞുവീഴാറായ കളിത്തട്ടിൽകിടന്നുറങ്ങി അവൻ കഴിഞ്ഞുകൂടി. ഒരു ദിവസം അവൻ അപ്രത്യക്ഷനായപ്പോൾ ആരും സഹതപിച്ചില്ല; അന്വേഷിച്ചുമില്ല.

കയ്യിൽ ഒരു പൈസപോലുമില്ലാതെ എങ്ങനെയോ ബോംബെയിൽ എത്തിച്ചേർന്നു. പട്ടിണിയുടേയും അലച്ചിലിൻേറയും ദിവസങ്ങൾ. അന്ന് എന്നോ ഒരു ദിവസം ചർച്ച്ഗേററിൽ വെച്ച് റഷീദിനെ പരിചയപ്പെട്ടു. അവിടം മുതൽ ജീവിതം ആരംഭിക്കുകയായിരുന്നു. റഷീദിൻെറ യോഗേശ്വരിയിലെ ഫാക്ടറി. ആ ഫാക്ടറിയിൽ ഒരു കൊച്ചുപണിയിൽ ചേർന്ന പയ്യൻ! അന്ധേരിയിലുണ്ടായ തീവണ്ടി അപകടത്തിൽ മരിച്ചുപോയ റഷീദ്. പിന്നി

ടുള്ള തന്റെ നാളുകൾ സമ്പന്നതയുടേതായിരുന്നു........

ബോംബെയിൽനിന്നും ഗ്രാമത്തിൽ തിരിച്ചെത്തിയത് ഒരു ജേതാവിനെപ്പോലെയായിരുന്നു. കൈനിറയെ പണം. അപ്പോൾ സ്നേഹിക്കാൻ ആളുണ്ടായി. ബന്ധുക്കളും മിത്രങ്ങളും ധാരാളമായി. ഇടിഞ്ഞു വീഴാറായിരുന്ന പഴയ തറവാട് പുതുക്കി പണിതു. സഹോദരിമാരെയെല്ലാം വിവാഹം കഴിച്ചയച്ചു. എല്ലാവർക്കും വേണ്ടതിലധികം സഹായങ്ങൾ ചെയ്തു, പക്ഷേ, അവരെല്ലാം ഇന്ന് എത്രമാത്രം അകലെയാണ്. തന്നോടൊപ്പം ആരുമില്ല.

“ശരിയാണ് നന്ദന, നീ പറഞ്ഞത് പൂർണ്ണമായും ശരിയാണ്. ഞാൻ ജീവിക്കാൻ മറന്നുപോയി. അതിൽ ഞാൻ പശ്ചാത്തപിക്കുന്നു”. അയാൾ സ്വയം ചിന്തിച്ചുപോയി.

വിമാനം ടേക്ക് ഓഫ് ചെയ്യാൻ പോകുന്നു. അയാൾ സീറ്റ്ബെൽറ്റ് മുറുക്കി. വിമാനം അധികം ഉയർന്നിരുന്നില്ല. അപ്പോൾ വിമാനത്തിനുള്ളിൽ ഒരു ചെറിയ പുക കണ്ടു. അത് വർദ്ധിച്ചുവന്നു. ആളുകൾ പരിഭ്രാന്തരായി. കൂട്ടനിലവിളികൾ ഉയർന്നു.

നന്ദന ഓടി എത്തി.

“ഇത് ധരിക്കൂ”

അവൾ ഓക്സിജൻ മാസ്ക് തന്നിട്ട് ഓടിപ്പോയി. വിമാനം ലാൻഡ് ചെയ്യിക്കാൻ പൈലററ് ശ്രമിക്കുകയാണെന്ന് തോന്നുന്നു. പക്ഷേ, നിമിഷങ്ങൾക്കകം ആടി ഉലഞ്ഞ് അത് എവിടെയോ ചെന്നിടിച്ചതായി ഓർമ്മിക്കുന്നു. പിന്നീടൊന്നും ഓർമ്മയില്ല. ബോധം തെളിഞ്ഞപ്പോൾ തീ അണഞ്ഞു കഴിഞ്ഞിരുന്നു. കരിഞ്ഞ മാംസത്തിന്റെ ഗന്ധം! ആരോ പറയുന്നതു കേട്ടു “പന്ത്രണ്ടുപേർ മരിച്ചു.” അയാൾ അത്ഭുതപ്പെട്ടു. താൻ എങ്ങനെ രക്ഷപ്പെട്ടു? ഒരു പക്ഷേ, നന്ദനയല്ലേ തന്നെ രക്ഷിച്ചത്! അയാൾ പെട്ടെന്ന് ആരോടോ അന്വേഷിച്ചു “എയർ ഹോസ്റ്റസ് നന്ദന രക്ഷപ്പെട്ടോ?”

അതിന് മറുപടി പറഞ്ഞത് അടുത്തുനിന്ന അഗ്നിശമന പ്രവർത്തകരിൽ ഒരാളായിരുന്നു.

“ഇല്ല; രക്ഷാപ്രവർത്തനത്തിനിടയിൽ”....ഇനി കേൾക്കേണ്ട. മനസ്സിലെവിടെയോ ഒരു മുറിവിന്റെ വേദന. അതുമൂലം ശരീരത്തിലെ മുറിവുകൾക്ക് വേദന ഇല്ലാതായതായി തോന്നി. നന്ദന തനിക്ക് ആരാണ്? ആരുമല്ല. എങ്കിലും......

“വാക്കുകൾ കൂട്ടി ചൊല്ലാൻ വയ്യാത്ത കിടാങ്ങളേ, ദീർഘദർശനം

ചെയ്യും ദൈവജ്ഞരല്ലോ നിങ്ങൾ.”



# ഒരു മകന്റെ ദുഃഖം

**അജിത്കുമാർ എസ്.**
റോൾ നമ്പർ 2172
ക്ലാസ് **IX C**

ഗോവിന്ദൻ കുട്ടിയുടെ ചായക്കടയിൽനിന്നും ഒററക്കാലിൽ ഒരു സർക്കസ്സ് അഭ്യാസിയെപ്പോലെ തന്റെ പിതാവിന്റെ കൂടെ അടുത്തുള്ള സ്കൂളിലേക്ക് അവൻ ചാടിച്ചാടി പോയി. തന്റെ നഷ്ടപ്പെട്ട ഒരുകാലിനെപ്പററി ഓർത്ത് അവൻ ദുഃഖിച്ചു. അവനെ സ്കൂളിന്റെ വരാന്തയിൽ ഇരുത്തിയശേഷം ആ ദുഷ്ടനായ പിതാവ് ഒരു മുന്നറിയിപ്പ് എന്നതുപോലെ പറഞ്ഞു: “എടാ നീ കുട്ടികളുടെ അടുത്തൊന്നും പോകരുത്, ഞാൻ പറഞ്ഞത് അനുസരിക്കാതിരുന്നാൽ നിന്റെ ഒററക്കാലുണ്ടല്ലോ, അതും ഞാൻ തല്ലിയൊടിക്കും. ഞാൻ പൈസയെല്ലാം പിരിച്ച് ഇപ്പോൾ വരാം.” ഇത്രയും പറഞ്ഞ് അയാൾ സ്റ്റാഫ്റൂമിലേക്ക് കയറിപ്പോയി. അപ്പോൾ ഒരു തീവണ്ടിയുടെ ശബ്ദം അവൻ കേട്ടു. അവൻ സ്കൂൾ ഘടികാരത്തിലേക്കു നോക്കി. സമയം 11.45 തിരുവനന്തപുരത്ത്നിന്ന് ബോംബേയിലേക്കു പോകുന്ന ജയന്തി ജനതാ എക്സ്പ്രസ്സ് കോട്ടയം സ്റ്റേഷനിൽനിന്നും പുറപ്പെട്ടുവെന്ന് അവനു മനസ്സിലായി. അപ്പോൾ തന്റെ പൂർവ്വകാലസ്മരണ അവന്റെ മനസ്സിൽ ഓടിയെത്തി.

മൂന്ന് വർഷങ്ങൾക്കുമുമ്പ്, അച്ഛന്റെ ആവശ്യപ്രകാരം പഠനം നിർത്തി തീവണ്ടിയിൽ ദിനപ്പത്രം വിററു കൊണ്ട് നിൽക്കുകയായിരുന്നു അവൻ. എന്നും വൈകുന്നേരം അച്ഛന് കള്ള് കുടിക്കാനുള്ള വകയുമായി അവൻ വീട്ടിൽ തിരിച്ചെത്തും. തന്റെ ജീവിതത്തെ തകർത്തു തരിപ്പണമാക്കിയ മഹാസംഭവം അവൻ ഓർമ്മിച്ചു. മാർച്ച്മാസം മൂന്നാം തീയതിയായിരുന്നു അന്ന്. പതിവുപോലെ, തിരുവനന്തപുരത്തു നിന്ന് തിരിച്ച ജയന്തി ജനതയിൽ അവൻ പത്രം വിററുകൊണ്ട് നിൽക്കുകയായിരുന്നു. ഒരു നീണ്ടയാത്രക്ക് ശേഷം ആ തീവണ്ടി ഒരു മൂളലോടെ കോട്ടയത്തുനിർത്തി. അതിൽനിന്നും വെപ്രാളത്തിൽ ഇറങ്ങുന്നവഴി സംഭ്രമം മൂലം കാൽ ചവിട്ടുപടിയുടെ വിടവിൽക്കൂടി ചക്രത്തിന്റെ ഇടയിൽ കുരുങ്ങിപ്പോയി. അവൻ തന്റെ രണ്ടു കയ്യും ഉപയോഗിച്ച് കാൽ വേർപ്പെടുത്താൻ ശ്രമിച്ചു. അവന്റെ നാവിൽനിന്നും ആർദ്രമായ ഒരു നിലവിളി ഉയർന്നു. ആ നിലവിളി ഭിത്തികളിൽ തട്ടി മാറെറാലി കൊള്ളുകയല്ലാതെ ആ ചെറുജീവിതം രക്ഷിക്കാൻ ആരും തയ്യാറായില്ല. അപ്പോഴേക്കും തീവണ്ടി പുറപ്പെട്ടു തുടങ്ങി.

അവൻ തന്റെ സർവ്വശക്തിയുമെടുത്ത് കാൽ വേർപ്പെടുത്താൻ ശ്രമിച്ചു. തീവണ്ടിയുടെ വേഗതകൂടി. അത് ഒരു രാക്ഷസനെപ്പോലെ ചീറിപ്പാഞ്ഞു. അതോടൊപ്പം അവന്റെ ഇടതുകാലും. അബോധാവസ്ഥയിലേക്ക് അവൻ വഴുതി വീണു. പിന്നെ അവന് ഒന്നും ഓർമ്മയില്ല. ബോധം തെളിഞ്ഞപ്പോൾ മെഡിക്കൽ കോളേജിലാണ് കിടക്കുന്നതെന്ന് അവന് മനസ്സിലായി. തന്റെ ഇടതുകാല് എന്നന്നേക്കുമായി നഷ്ടപ്പെട്ടെന്ന യാഥാർത്ഥ്യം മനസ്സിലാക്കിയപ്പോൾ അവന്റെ ഹൃദയം വിങ്ങിപ്പൊട്ടി. ക്രമേണ അവൻ സുഖം പ്രാപിച്ചുവന്നു. കൃത്രിമക്കാൽവച്ചു കൊടുക്കാമെന്ന് ദയാലുവായ ഡോക്ടർ പറഞ്ഞിട്ടും സ്വന്തം പിതാവ് അതിനെ എതിർത്തു. ഇതിന്റെ പിന്നിലെ രഹസ്യം മെഡിക്കൽ കോളേജിൽനിന്നും പുറത്തു വന്നപ്പോഴാണ് അവൻ അറിഞ്ഞത്. തന്നെ ഓരോ സ്കൂളുകളിലും കൊണ്ടുപോയി പൈസാ പിരിച്ച് കള്ള് കുടിക്കുവാനുള്ള വകയുണ്ടാക്കുവാനായിരുന്നു അയാൾ അങ്ങനെ ചെയ്തത്.

"ഉം, പോകാം," എന്ന ശബ്ദം അവനെ ചിന്താലോകത്തിൽ നിന്നും ഉണർത്തി. അവൻ അച്ഛന്റെ മുഖത്തേക്ക നോക്കി. ആ പിതാവിന്റെ മുഖത്ത് പൈശാചികമായ ഒരു പുഞ്ചിരിയുടെ മുദ്ര തെളിഞ്ഞു കാണാമായിരുന്നു. കാരണം അന്നത്തേയ്ക്കുള്ള വക അയാൾക്ക് കിട്ടിക്കഴിഞ്ഞിരുന്നു.

അവനവനാത്മ സുഖത്തിനാചരിക്കുന്നവ

അപരന്നു സുഖത്തിനായ് വരേണം.



# മോഹമെന്ന ചിപ്പിക്കുള്ളിൽ.....

ആർ. സുഭാഷ്കുമാർ
റോൾ നമ്പർ 1949

മെഡിക്കൽ കോളേജ്
............10 PM

നീ എന്റെ ആരാണെന്നോ നാം തമ്മിലുള്ള ബന്ധം എന്താണെന്നോ ഇന്നുമെനിക്കറിയില്ല. ഒന്നുമല്ലെങ്കിലും നീ എന്റെ എല്ലാമാണെന്നും ആരുമല്ലെങ്കിലും നീ എന്റെ എന്തൊക്കെയോ ആണെന്നും എനിക്കു തോന്നുന്നു. വിട പറയുന്ന ഈ വേളയിൽ വാക്കുകൾ വിരളമായ എന്റെ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നും ചിലതു കുറിക്കട്ടെ.

നാം തമ്മിൽ കണ്ടുമുട്ടിയതെന്നാണെന്നോ നിന്നെ എനിക്കിഷ്ടപ്പെടാനുണ്ടായ സന്ദർഭം എന്താണെന്നോ ഇന്നും വ്യക്തമായി ഓർക്കുന്നില്ല. പക്ഷേ ഒന്നോർമ്മയുണ്ട്. നിന്നെ കണ്ടുമുട്ടും വരെ എന്റെ മനസ്സ് ശാന്തമായിരുന്നു; കൊടുങ്കാറ്റും തിരമാലകളും ഇല്ലാത്ത ശാന്തമായ മനസ്സ് ! കാമാരചാപല്യങ്ങൾ ഒന്നും തന്നെ എന്നെ അലട്ടിയിരുന്നില്ല. പക്ഷേ, നിന്നെ കണ്ടുമുട്ടിയ അന്ന്, പരിചയപ്പെട്ട അന്ന്, ആദ്യമായി ഞാൻ ദുഃഖിച്ചു — നിന്നെ കണ്ടുമുട്ടാൻ വളരെ വൈകിപ്പോയല്ലോ എന്നോർത്ത്. മനസ്സിൽ സംഗീതമുണർത്തുന്ന ഒരു കുഞ്ഞാറ്റക്കിളിയായി, എന്നെ ഞാനാക്കുന്ന ഒരപൂർവ്വ ചൈതന്യമായി, മനസ്സിന്റെ ശ്രീകോവിലിൽ നിന്നെ പ്രതിഷ്ഠിച്ചു. സത്യം പറയാമല്ലോ, എന്നും ഞാൻ ഏകനായിരുന്നു. പുഞ്ചിരിപൊഴിക്കുന്ന അനേകം മുഖങ്ങൾ എനിക്കു ചുറ്റും എന്നുമുണ്ടായിരുന്നു. പക്ഷേ, എന്തുകൊണ്ടോ, കറുത്തു തുടുത്ത നിന്റെ കൺതടങ്ങൾ. അവയാണ് എന്നെ ആദ്യമായി ആകർഷിച്ചത്. ആ കണ്ണുകളിൽ എന്റെ ആത്മസുഹൃത്തിനെ കണ്ടെത്തി. നിന്നെ മുഴുവനായി എന്റേതാക്കണമെന്നും നിന്റെ സ്നേഹം മുഴുവനായി പിടിച്ചെടുക്കണമെന്നും സ്വാർത്ഥമായി ഞാൻ മോഹിച്ചു. അതിനുവേണ്ടി കുറെയേറെ തെറ്റുകൾ ചെയ്തു. എന്നിട്ടും ഞാൻ മുഴുവനായി വിജയിച്ചില്ല എന്ന് ഇന്നും ദുഃഖത്തോടെ ഓർമ്മിക്കുന്നു.

നിന്റെ സ്നേഹവും ബഹുമാനവും പിടിച്ചെടുക്കാൻ കഴിഞ്ഞ ആ ആദ്യകാലങ്ങൾ ലോകം മുഴുവൻ പിടിച്ചടക്കാൻ കഴിഞ്ഞ ഒരു യോദ്ധാവിനെപ്പോലെയായിരുന്നു ഞാൻ. മനസ്സിന്റെ നെരിപ്പോടിൽ കുളിരു കോരിയിട്ട ആ നിമിഷങ്ങൾ അവ അവസാനിക്കാതിരുന്നെങ്കിൽ എന്നു ഞാൻ പ്രാർത്ഥിച്ചു. വ്യർത്ഥമാണെന്നുറപ്പായിരുന്നെങ്കിലും.

ആദ്യമായി നാം പിടിക്കപ്പെട്ട ദിവസം! തെറ്റിദ്ധാരണ കൊണ്ട് നമ്മുടെ

ബന്ധത്തെ കരിതേച്ച അനേകം വ്യക്തികൾ!! അതിലെ അവസാനത്തെ കണ്ണി നിൻെറ അച്ഛനായിരുന്നു എന്നു വരെ ഞാൻ ഇന്നുമോർക്കുന്നു.

എത്രപെട്ടെന്നാണ് നീ മാറിയത്. അപവാദങ്ങൾ നിൻെറ മനസ്സിൽ ഇത്രയേറെ ആഘാതമേൽപ്പിക്കുമെന്ന് ഞാൻ ഒരിക്കലും പ്രതീക്ഷിച്ചില്ല. ആദ്യമായി സ്ത്രീ ചപലയാണെന്നും നീയും അവരിലൊരാൾ മാത്രമാണെന്നും ഞാൻ മനസ്സിലാക്കി. ആ യാഥാർത്ഥ്യം എന്നെ തളർത്തി. എന്നെ മനസ്സിലാക്കാൻ നിനക്കു കഴിഞ്ഞില്ലല്ലോ എന്ന് ഞാൻ നിരാശയോടെ ഓർക്കുന്നു. നിൻെറ നോട്ടത്തിൽ കണ്ടെത്താവുന്നതിലേറെ അകലെയായിരുന്നു ഞാൻ എന്നും. അതുകൊണ്ടു തന്നെ മറ്റുള്ളവരെപ്പോലെ നീയും എന്നെ തെറ്റിദ്ധരിച്ചു. അതെൻെറ മനസ്സിലുണ്ടാക്കിയ വേദന സഹിക്കാവുന്നതിലേറെയായിരുന്നു. നിൻെറ അപരിചിതത്വം എൻെറ മനസ്സിലൊരു തീരാദുഃഖമായി എന്നും അലട്ടിയിരുന്നു. ഒരു ദുഃഖസ്മരണയായി അവശേഷിച്ചു. എന്നിട്ടും നിന്നെ ഞാൻ വെറുത്തില്ല.

ആൾക്കൂട്ടത്തിൽ നിന്നെ തെരഞ്ഞു കണ്ടുപിടിക്കാൻ, നിൻെറ മുഖമൊന്നു കാണാൻ ഞാൻ വീർപ്പുമുട്ടി. ഒന്നു നിൽക്കൂ! എന്നുപറയാൻ മനംതുടിച്ചു. മനസ്സാക്ഷി വിലക്കി, അരുത്, ആത്മനൊമ്പരങ്ങളുടെ നെരിപ്പോടിൽ മനസ്സു വിങ്ങുമ്പോൾ ഒരേയൊരു പ്രതീക്ഷ മാത്രമാണുണ്ടായിരുന്നത്. എന്നെങ്കിലും, ഒരിക്കലെങ്കിലും, നീയെന്നെ മനസ്സിലാക്കാതിരിക്കില്ല. ആ സുദിനത്തിനു വേണ്ടി നിറകണ്ണുകളും ഒട്ടേറെ മോഹങ്ങളുമായി ഞാൻ കാത്തിരുന്നു.

വിഫലമായ കാത്തിരിപ്പ്. ഇന്നിപ്പോൾ നാലു വർഷങ്ങൾ കഴിഞ്ഞു. ശൂന്യമായ എൻെറ മനസ്സിൽ ഒരു നെയ്ത്തിരിനാളവുമായി കടന്നുവന്ന നീ, വൈകിയാണ് കണ്ടുമുട്ടിയതെങ്കിലും, മറക്കാനാവാത്ത ഒട്ടനേകം ഓർമ്മകൾ എനിക്കു സമ്മാനിച്ച് കടന്നുപോയ നീ. നാളെഞാൻ ജീവിത വീഥിയിലേക്കിറങ്ങുന്നു. മറക്കാനാവാത്ത ഒട്ടനേകം ഓർമ്മകൾ സമ്മാനിച്ച ഈ കാമ്പസ്സിനേയും നിന്നേയും പിരിഞ്ഞ് ഒന്നും നേടാനാവാത്ത ഈ അഞ്ചു വർഷങ്ങൾ.

ഇന്നു നിനക്കു ഞാൻ ആരുമല്ലായിരിക്കാം. അത്രയേറെ നാം തമ്മിൽ അകന്നിരിക്കുന്നു. മോഹമെന്ന ചിപ്പിക്കുള്ളിൽ സ്നേഹമെന്ന പവിഴമുണ്ടെന്നു ധരിച്ച് അതിനുവേണ്ടി കാവലിരുന്ന ഒരു വിഡ്ഢിയാണ് ഞാൻ. പവിഴമില്ലെന്നറിഞ്ഞപ്പോൾ നിരാശയല്ല തോന്നുന്നത്, എന്നോടുതന്നെ അടക്കാനാവാത്ത വെറുപ്പാണ്.

വേർപാടിൻെറ ദുഃഖം മനസ്സിനെ തളർത്തുമ്പോൾ മനസ്സിൻെറ വിങ്ങൽ കണ്ണുനീരായി പുറത്തേക്കൊഴുകുമ്പോൾ എല്ലാം മറന്നൊന്ന് പൊട്ടിച്ചിരിക്കാൻ കഴിഞ്ഞെങ്കിൽ എന്നറിയാതെ ആഗ്രഹിച്ചു പോകുന്നു — കഴിയില്ലെന്നുറപ്പുണ്ടെങ്കിലും.

സ്നേഹിക്കാനും താലോലിക്കാനും നീ സമ്മാനിച്ച ഒരു പിടി ഓർമ്മകളും ഉള്ളിൻെറയുള്ളിൽ നൊമ്പരമുണർത്തുന്ന കൊച്ചുദുഃഖങ്ങളും മനസ്സിൽ താലോലിച്ചുകൊണ്ട് ഞാൻ വിട പറയട്ടെ.

എന്ന്
സ്നേഹപൂർവ്വം............



## ഒരു പിപീലികയുടെ കഥ

ശ്രീലാൽ വി. ബി.
സ്റ്റാൻഡേർഡ് IX C
റോൾ നമ്പർ 2047

എങ്ങനെ തുടങ്ങണം, എവിടെ തുടങ്ങണം എന്നറിയില്ല. പക്ഷേ ഒന്നറിയാം ആ എറുമ്പ് വീണുകൊണ്ടിരിക്കുകയാണ്. ഒരിക്കൽ വീണ കുഴിയിൽ നിന്നും മറ്റൊരു കുഴിയിലേക്ക്........ അല്ല മറ്റൊരു കൊക്കയിലേക്ക്. അതെ അവൻ താഴുകയാണ്, അല്ല അതിനെ പിടിച്ചുവലിക്കുകയാണ്. സാരോപദേശങ്ങൾക്കൊന്നും ആ ജീവിയെ വലിച്ചു കയറ്റുവാൻ കഴിയുന്നില്ല........ കുറച്ചുയരുന്നു. പക്ഷേ ആരോ താഴോട്ടു വലിക്കുന്നു. ഉപദേശങ്ങൾ അതിന് കൂടുതൽ ശക്തി നൽകുന്നു.

അവനെ വലിച്ചുകയറ്റുന്ന, രക്ഷിക്കാൻ ശ്രമിക്കുന്നവരെയും വലിച്ചു പറിച്ചുകൊണ്ട് അവൻ താഴേക്ക് കുതിക്കുകയാണ്........ ഇപ്പോഴിതാ കൊക്കയുടെ അടിത്തട്ടിൽ എത്താറായിരിക്കുന്നു. താഴെ വീഴുമ്പോൾ അനുഭവിക്കുവാൻ പോകുന്ന നൊമ്പരത്തെ കുറിച്ച് ഇപ്പോഴാണ് അവൻ ബോധവാനാകുന്നത്. അപ്പോൾ അവൻ കരകാണാൻ കൊതിക്കുന്നു.

കുന്നുകയറുവാൻ ശ്രമിച്ചിരുന്ന അവനെ, അല്ല കുന്നുകയറിക്കൊണ്ടിരുന്ന അവനെ കൊടുമുടിയുടെ അടിഭാഗത്ത് കൊണ്ടിരുത്തി, കയറാൻ, ഉയരാൻ. പക്ഷേ ആ കുരുന്നുജീവി അറിയാതെ ആരോരുമറിയാതെ ആ പീഠത്തിൻെറ പുറകിൽ, ഒരു കിടങ്ങ് അവസരം പാർത്തിരുന്നു. സ്വാഭാവികമായി അവൻ അതിൽ വീണു. പിന്നെയും കയറി പകുതിയായപ്പോൾ താഴെ വീണു. പിന്നെ കയറാൻ ശ്രമിച്ചില്ല. ഒന്നും നോക്കാതെ പുറകോട്ടു നടന്നു. കുണ്ടുകളും, കുഴികളും ആ ചെറു ശരീരത്തെ തടഞ്ഞു, അവൻ വകവെച്ചില്ല. വീണ്ടും........ വീണ്ടും പുറകോട്ടു തന്നെ. അവസാനം ഇവിടെ.

അവന് കരകയറുവാൻ പറ്റുമോ? അതിപ്പോഴും ഒരു ചോദ്യചിഹ്നമായി മനസ്സിൽ തെളിഞ്ഞു കിടക്കുന്നു. രക്ഷകൻമാർ അവനെ സഹായിക്കുമോ? അവരുടെ സഹായമില്ലാതെ കയറണം അതാണ് അവൻെറ ഇപ്പോഴത്തെ ശ്രമം.

ഈ ഗർത്തത്തിൽ അവൻ മാത്രമാണ് എന്ന് ധരിക്കരുത്. അവനോടൊപ്പം അനേകം സഹജീവികളുമുണ്ട്. ചിലർ അവൻെറ മുന്നിൽ, ചിലർ ഒപ്പം, മറ്റുചിലർ പുറകിൽ, ചിലർ വീഴാനും വട്ടം കൂട്ടുന്നു. അവരിൽ വളരെ ചുരുക്കം പേർ ഉത്സാഹത്തോടെ ഇറങ്ങുന്നു. അവർ അടിത്തട്ടുകാണുവാൻ കൊതിക്കുന്നു, അവൻ കരയും. ഒരു പാഠം, യാതൊരു കൂസലും കൂടാതെ, മുകളിൽ നിന്ന് എടുത്തുചാടുന്നു. ഒരു

പക്ഷേ അവർക്ക് നൊമ്പരങ്ങളില്ലായിരിക്കാം.

നീണ്ട പരിശ്രമങ്ങൾക്കുശേഷം വളരെ കുറച്ചു ജീവികൾ ആ കൊടുമുടി കീഴടക്കുന്നു. അവർക്കിനിയും രണ്ടു ചുവടുകൾ കൂടിമാത്രം. അവരുടെ വിജയപതാക ഉയർത്തുവാൻ വെമ്പൽ കൊള്ളുന്നു. അങ്ങനെ എത്രയെത്ര ജീവികൾ ഉയർന്നിരിക്കുന്നു. അവയിൽ ചിലത് വളരെ പ്രസന്നതയോടെ ഇപ്പോഴും പാറിക്കളിക്കുന്നു. പക്ഷേ അവൻ........ ആ പതാകകൾ അവന്റെ കണ്ണിൽ നിന്നും വളരെ അകലെയാണെന്ന് തോന്നുന്നു. അതു പോലെ ഒന്ന് അവനും നാട്ടണമെന്ന് ആശിക്കുന്നു.

പക്ഷേ അവനത് സാധിക്കുമോ ? സാധിക്കും എന്ന ഉറപ്പോടെ അത് ശ്രമിക്കുന്നു. പുതിയ, പുതിയ പ്രതീക്ഷകളോടെ അതാ ഇനിയും യോദ്ധാക്കൾ വന്നുകൊണ്ടിരിക്കുന്നു. കയറുവാൻ, ഉന്നതപദവിയിൽ എത്തുവാൻ. അവരിൽ പലർക്കും അതിനു യോഗ്യത ഇല്ലാതെ വന്നേക്കാം. ചിലർ അവനെപ്പോലെ കിടങ്ങുകളിൽ വീഴാനും സാധ്യത ഇല്ലാതില്ല. പക്ഷേ അങ്ങനെ ഒരിക്കലും സംഭവിക്കരുതേ എന്ന് അവൻ പ്രാർത്ഥിക്കുന്നു.

അതാ അവൻ പിടിച്ചിരുന്ന മരക്കുററി ഇളകുന്നു, സർവശക്തിയുമെടുത്ത് അവൻ അതിന്റെ മുകളിലുള്ള കൊമ്പിൽ പിടിച്ചു. ഭാഗ്യം അവൻ കുറച്ചു കൂടി ഉയർന്നു എന്നു തോന്നുന്നു. അവൻ ഇനിയും വീഴല്ലേ എന്ന് പ്രാർത്ഥിക്കുന്നു, അതോടൊപ്പം അവന്റെ സഹജീവികൾക്കുവേണ്ടിയും.

നെല്ലിൻ ചുവട്ടിൽ മുളയ്ക്കും കാട്ടു

പുല്ലല്ല സാധു പുലയൻ.

* * * *

ഒരു വേള പഴക്കമേറിയാലിരുളും

മെല്ലെ വെളിച്ചമായ് വരാം



വിനോദം

# ഒരു പൈങ്കിളിക്കഥ

ടി. ഡി. സാബു
1934 XI A. 16'' yrs.

ഗോപാലൻ നായർ വക്കീലിനെ കാണാനാണ് നഗരത്തിലെത്തിയത്. പണ്ടത്തെ രണ്ടുമൂന്നു കേസുകെട്ടൊക്കെ ചർച്ചചെയ്ത് മടങ്ങുന്ന വഴിക്കാണ് അങ്ങേരു കുറുപ്പാശാനെ കണ്ടുമുട്ടിയത്. കുറുപ്പാശാൻ അവരുടെ ഗ്രാമത്തിലെ ഒരു സാദാ അധോമണ്ഡല ഗുമസ്തനായിരുന്നു. എന്നാൽ ആശാന്റെ പ്രശസ്തിക്കു കാരണം അയാളുടെ സൈഡ് - ബിസിനസ്സായ [illegible] പണിയാണ്. ഗോപാലൻ നായരുടെ പ്രീഡിഗ്രി വിദ്യാർത്ഥിനിയായ വിലാസിനിക്കു വേണ്ടി, പല ആലോചനകളും ആശാൻ കൊണ്ടുവരികയും അവയെല്ലാം അതേപടി അലസിപ്പോവുകയും ചെയ്തിരുന്നു. ആശാന്റെ ഇളയമകൾ ഭൈരവിയും, പുരപൊട്ടിച്ചു ചാടാൻ വെമ്പുകയാണെന്ന വസ്തുത പ്രത്യേകം പ്രസ്താവ്യമാണ്. നാട്ടുകാരുടെ ചോദ്യങ്ങൾക്കു മുമ്പിലൊക്കെ ആശാൻ 'ഒക്കെ ഒരു യോഗമാണ്'' എന്നു പറഞ്ഞ് ഒഴിഞ്ഞു മാറുകയാണ് പതിവ്.

''അല്ല, ഇതാര് ഗോപാലൻ നായരോ ? കണ്ടിട്ടെത്ര കാലമായി !'' ഒഴിഞ്ഞുമാറാൻ തുനിഞ്ഞ ഗോപാലൻ നായരെ പിടിച്ചുനിറുത്തി . കുറുപ്പാശാൻ ചോദിച്ചു. ''എന്താ ഇതിലെയൊക്കെ ? ഏതായാലും നമുക്കൊരു ചായ കുടിക്കാം.''

'കുടുങ്ങി' ഗോപാലൻ നായർ മനസിലോർത്തു. ആശാന്റെ 'ഓസി'ലുള്ള ചായകുടി നാട്ടിലാകെ (കു) പ്രസിദ്ധമാണ്. അന്നു കണികണ്ടവനെ ശപിച്ചുകൊണ്ട് നായരും പ്രയാസപ്പെട്ട് ഒന്നു ചിരിച്ചു. 'അല്ല, ഇതാര്? നമ്മുടെ ആശാനല്ലേ? ഞാൻ കണ്ടില്ലായിരുന്നു, കേട്ടോ?''

അവർ നഗരത്തിലെ ഒരു ഇടത്തരം ഹോട്ടലിൽ കയറി. നൂൺഷോവിട്ട സമയമായതിനാൽ, ആശാന്റെ ഭാഷയിൽ, 'ആണും പെണ്ണും കെട്ട യുവതീ'-യുവാക്കളുടെ തിരക്കായിരുന്നു ഹോട്ടലിലെങ്ങും. കുറച്ചുനേരത്തെ കാത്തുനിൽപിനുശേഷം 'ഫാമിലി റൂം' എന്ന ബോർഡ്‌വച്ച സ്വകാര്യ റൂമിനു സമീപം രണ്ടു സീററു തരപ്പെടുത്തി. 'സ്വകാര്യ'റൂമിലെ, പാറിപ്പറക്കുന്ന കർട്ടനുകളിടയിലൂടെ 'സ്വകാര്യ' സംഭാഷണ ശകലങ്ങൾ അവരുടെ കാതുകളിൽ വന്നു പതിച്ചുകൊണ്ടിരുന്നു.

''പിന്നെ നമ്മുടെ വല്യേടത്തെ കാർന്നോര് മരിച്ചതറിഞ്ഞില്ലേ?'' ആശാൻ നാട്ടുവിശേഷങ്ങളുടെ കെട്ടഴിച്ചതോടെ ഗോപാലൻ നായർ രണ്ടുരണ്ടര മണി

ക്കുർ നേരത്തെ സുഖനിദ്രയ്ക്കും തയ്യാറെടുത്തു. പക്ഷേ, വിധിവിഹിതമെന്നു പറയട്ടെ,തക്ക സമയത്ത്,ഒരു പൈങ്കിളി സംഭാഷണ ശകലം അവരുടെ കാതുകളിൽ വന്നലച്ചു.

“ശ്ശോ നേരം ഒരുപാടായി.ഞാൻ പോകുവാ. ഞാൻ സിനിമക്കു വന്നതറിഞ്ഞാൽ അച്ഛനെന്നെ കൊല്ലും.

“ച്ഛെ, നോൺസെൻസ്”. തന്തപ്പടി പോയി തൂങ്ങിച്ചാകട്ടെ. നമുക്കു മാറ്റിനി കൂടെ കണ്ടിട്ടു പോകാമെന്നേ.” ആൺകിളിയുടെ ഡയലോഗാണ്.

കുറുപ്പാശാന്റെ ശ്രദ്ധതിരിഞ്ഞു, നായരുടെയും. “ശ്ശെടാ, പാർട്ടി കൊള്ളാമല്ലോ.” ആശാൻ ബാക്കി സംഭാഷണവും കൂടെ കേൾക്കാൻ തയ്യാറെടുത്തു. കുറച്ചുനേരം ഈ ഇണക്കിളികളുടെ ചിലക്കൽ കേട്ടശേഷം ആശാനൊരു സംശയം.

“ശ്ശെടാ ഈ ശബ്ദം പരിചയമുണ്ടല്ലോ.” നായർക്കും അതു തോന്നാതിരുന്നില്ല.

“ഛ്ഹാ, അങ്ങിനെ വരട്ടെ.” അൽപനേരത്തിനുശേഷം ആശാൻ പ്രഖ്യാപിച്ചു. “ഇതു നമ്മടെ ശിവരാമന്റെ മോള് സുഭാഷിണീടെ ശബ്ദമല്ലേ!”

ശിവരാമൻ അവരുടെ നാട്ടിലെ ഒരു പുത്തൻപണക്കാരനാണ്. അയാളുടെ മോൾക്കാലോചനയും കൊണ്ടുവന്ന ആശാനെ ആട്ടിയോട്ടിച്ചതിനുശേഷം, ആശാൻ ശിവരാമന്റെയും കുടുംബത്തിന്റെയും ബദ്ധശത്രുവായി മാറിയിരിക്കയാണ്.

“ഹും, ആ എരപ്പാളീടല്ലേ, മോള്” ആശാൻ ശിവരാമന്റെയും മോളുടെയും ജീവചരിത്രവും കുടുംബചരിത്രവും രഹസ്യമായി പ്രതിപാദിക്കാൻ തുടങ്ങി.

ഉള്ളിൽ നിന്നുയരുന്ന പരിചിതമായ കിളിനാദം ശ്രദ്ധിച്ചുകൊണ്ടിരുന്ന നായർക്ക് പെട്ടന്നൊരു സംശയം. ‘ങേ, ഈ ശബ്ദം ആശാന്റെ മകൻ രവിയുടേതല്ലേ?’ കൂടുതൽ ശ്രദ്ധിക്കുന്തോറും ഈ സംശയം നായരിൽ രൂഢമൂലമായി കൊണ്ടിരുന്നു.

‘ആശാനേ, നമുക്കു പോവാം.’ ശിവരാമചരിതം വിസ്തരിച്ചുകൊണ്ടിരുന്ന ആശാനെ ഒരു ഷോക്കിൽനിന്നു രക്ഷിക്കാമെന്നു കരുതി നായർ പറഞ്ഞു.

നിർഭാഗ്യമെന്നു പറയട്ടെ. അപ്പോഴാണ് സ്വകാര്യ റൂമിൽനിന്നും ഒരു കസേര നിരക്കുന്ന ശബ്ദം കേട്ടത്.

‘അതാ അവരു പോവ്വാ എനിക്കു അവളുടെ മുഖത്തുനോക്കി നാലുവർത്തമാനം പറയണം’ ആശാൻ പൂർവ്വാധികം ഉൽസാഹഭരിതനായി.

നായർ വീണ്ടും ആശാനെ നിരുൽസാഹപ്പെടുത്താൻ ശ്രമിച്ചു. പക്ഷേ ആശാനുണ്ടോ കുലുക്കം? എന്നാൽ ശരി കാണാൻ പോകുന്ന പൂരം പറഞ്ഞറിയിക്കണ്ടല്ലോ എന്നു കരുതി നായരും ഇരുന്നു.

ഇണക്കിളികൾ സ്വകാര്യ റൂമിന്റെ വാതിൽക്കൽ എത്തിക്കഴിഞ്ഞു. പെൺകിളിയുടെ ‘ലേറ്റസ്റ്റ് ഫാഷൻ’ ചെരിപ്പ് പുറത്ത് വച്ചു കഴിഞ്ഞു. ഇപ്പോൾ ആളിനെ കാണാം. അതാ—

‘ങ്ഹേ!!’ കുറുപ്പാശാൻ കസേരയുമായി പുറകോട്ട് മലച്ചുപോയി.

***



# മിഥ്യയെന്ന സത്യം

**കുര്യൻ ആന്റണി**
റോൾ നമ്പർ 1849
സ്ക്കൂൾ ക്യാപ്റ്റൻ

മുന്നിലെ വീഥി ശൂന്യമായിരുന്നു. ഇരുട്ടുപരന്ന ഭീതിപ്പെടുത്തുന്ന ശൂന്യത. ഭയം തോന്നിയില്ല. എനിക്ക് തുണക്ക് ദൈവങ്ങളുണ്ടല്ലോ. എന്നിലുറങ്ങുന്ന അനേകം ദൈവങ്ങൾ ! അങ്ങു ദൂരെ എന്റെ ലക്ഷ്യത്തിൽ ഒരു ദീപം കത്തിനിന്നിരുന്നു. ലക്ഷ്യം പ്രാപിക്കാനുള്ള ത്വര എനിക്ക് ആവേശം നൽകി. വേഗതയും. എന്റെ മുന്നിലെ പാത ഒരു പൂനിലാവിലെന്ന പോലെ എനിക്ക് കാണാമായിരുന്നു. ലക്ഷ്യത്തിലേക്കുള്ള പാത നിശ്ചയമില്ലാത്തവൻ മനുഷ്യനല്ലല്ലോ. ആ പാതയിലൂടെ കാലുകൾ വലിച്ചുവച്ച് ലക്ഷ്യത്തിലേക്ക് മാത്രം ഉററുനോക്കി ഞാൻ നീങ്ങുകയായിരുന്നു. എന്നെത്തന്നെ മറന്ന്.

അവിചാരിതമായി അത് സംഭവിച്ചു. എന്റെ മുമ്പിൽ ദീപവുമേന്തിക്കൊണ്ട് ഒരാൾ കടന്നുവന്നു. ആ ദീപം എവിടെ നിന്നുവന്നു എന്നു വ്യക്തമായില്ല. ആ ദീപം തീക്ഷ്ണമായിരുന്നു. ആരെയും ആകർഷിക്കത്തക്കത്. അതെന്നെ ആകർഷിച്ചു. അതിന്റെ വെളിച്ചത്തിൽ ഞാൻ സപ്തവർണ്ണങ്ങൾ കണ്ടു. അതിനെ കൈയെത്തിപ്പിടിക്കാൻ ഞാൻ മുന്നോട്ടോടി. എങ്ങിനെയും അത് നേടുക. അതു മാത്രമായി എന്റെ ലക്ഷ്യം. കുറെ ചെന്നപ്പോൾ അയാൾ മററൊരു വഴിക്കു തിരിഞ്ഞു. എനിക്കറിയാമായിരുന്നു, എന്റെവഴി മറെറാന്നാണെന്ന്. എങ്കിലും ആ വെളിച്ചത്തെ ഉപേക്ഷിക്കാൻ എനിക്കു കഴിഞ്ഞില്ല. അതെന്റെ മനസ്സിൽ മോഹങ്ങൾ സൃഷ്ടിച്ചു. ഒരു സ്വപ്നത്തിലെന്നപോലെ ഞാൻ അതിനെ പിൻതുടർന്നു. അതിനെ സമീപിക്കാനും കൈയെത്തിപ്പിടിക്കാനും എനിക്കാവേശമേറി. പിന്നെ ഞാൻ ഓടുകയായിരുന്നു. ഇരുട്ടിൽ കല്ലും മുള്ളും നിറഞ്ഞ പാതയിലൂടെ.

അടുക്കുന്തോറും അകലുന്ന ഒരു മരീചികയായി, ഒരു ചോദ്യചിഹ്നമായി അതെന്റെ മുമ്പിൽ കത്തിനിന്നു. എനിക്കു വാശിയേറി, വേഗതയും. ഫലം നിരാശയായിരുന്നു.

എങ്കിലും ഞാൻ പ്രതീക്ഷ വിട്ടില്ല. എന്നെങ്കിലും ഒരു തിരിവിൽ വെച്ച് അയാളെ സമീപിക്കാൻ കഴിയുമെന്നും ആ ദീപം എത്തിപ്പിടിക്കാനാവുമെന്നും എനിക്കുറപ്പുണ്ടായിരുന്നു.

'ഒന്നു നിൽക്കൂ.' ഞാൻ വിളിച്ചു കൂവി. 'ഇല്ല അയാളത് കേട്ടിട്ടുണ്ടാവില്ല' അയാളിലത് പ്രതികരണമുണ്ടാക്കിയില്ലല്ലോ ! എപ്പോഴെങ്കിലും അയാളും അതുമെന്നും എനിക്കുവേണ്ടി കാത്തു നിൽക്കുമെന്നും ഞാനാശിച്ചു എന്നെ തന്നെ മറന്ന്, അയാളുടെ നിഴലിനെ എത്തിപ്പിടിക്കാൻ. അയാളുടെ കൈയ്യിലെ ദീപത്തിൽനിന്ന് എനിക്കുമൊരു നിഴൽ സൃഷ്ടിക്കാൻ. ഞാൻ മുന്നോട്ടോടി. എന്റെ നിഴൽ എന്നെ പിൻതുടരുന്നവെന്ന സത്യം മറന്ന്.

'ഹേ മനുഷ്യാ, നീ എങ്ങോട്ട് ?'' ആരോ പിറകിൽ നിന്നും വിളിച്ചു. എന്റെ മനസാക്ഷിയായിരുന്നു അത്. എന്റെ വഴി മറ്റൊന്നാണെന്നും ഈ വഴി എങ്ങുമെത്തിക്കില്ലെന്നും ഞാൻ ആദ്യമായി ചിന്തിച്ചു. ആ ചിന്ത തീക്ഷ്ണമായൊരു നാളമായി എന്റെ പിന്നിൽ കത്തിനിന്നു. എന്റെ നിഴലിനെ വിഴുങ്ങിക്കൊണ്ട്. ഇപ്പോഴും ഞാൻ നിഴലുകളില്ലാത്തവനായിരിക്കുന്നു. ഞാൻ ഉരുകി ഇല്ലാതാകുമോ എന്ന് ഭയക്കുന്നു. കാരണം അത്രക്കു തീക്ഷ്ണമായിരുന്നു ആ നാളം.

പെട്ടെന്ന് ഞാൻ തിരിഞ്ഞുനോക്കി. ആ നാളം എങ്ങോ മറഞ്ഞിരിക്കുന്നു. എന്റെ നിഴൽ എന്നെനോക്കി ഒരു വിഡ്ഢിച്ചിരി ചിരിച്ചു. ഞാൻ തുടങ്ങിയടത്തുതന്നെ എത്തിയിരിക്കുന്നുവെന്ന്.

വീണ്ടും തിരിഞ്ഞുനോക്കുമ്പോഴും അയാളും വെളിച്ചവും അപ്രത്യക്ഷമായിരുന്നു. അങ്ങകലെ എന്റെ ലക്ഷ്യത്തിലെ ദീപം കത്തിനിന്നിരുന്നു. എന്റേതെന്നഭിമാനിക്കാൻ അവ്യക്തമായ ഒരു നിഴൽ എനിക്ക് സമ്മാനിച്ചുകൊണ്ട്.

അനുബന്ധം:

യാഥാർത്ഥ്യത്തിനു നേരെ കണ്ണടച്ചുകൊണ്ട് മിഥ്യയുടെ പുറകെ പായുന്ന മനുഷ്യൻ യാഥാർത്ഥ്യം അങ്ങകലെയാണെന്ന് മനസ്സിലാക്കുമ്പോഴേക്കും ഒന്നുമല്ലാതായിത്തീർന്നിരിക്കും.

വിരയുന്നു മനുഷ്യനെന്തിനോ

തിരിയാ ലോക രഹസ്യമാർക്കുമേ

* * * * * *

ഒരോരോ മതമുണ്ടുലകിന്നുയിരാം

പ്രേമമതൊന്നല്ലോ



# ★ संस्कृत विभाग: ★

विषय-सूचि:


| | | |
|---|---|---|
| १. | वेदसूक्तय : | के. दिनकर प्रसाद : (अष्टम कक्षा) |
| २. | परमवीरचक्र विजेतारौ | राजेश: भानु: (एकादश कक्षा) |
| ३. | मम सैनिकशाला | कु. सर्वप्रीत (अष्टमकक्षा) |
| ४. | नेहरूमहोदया: संस्कृत च | कु. देवता पी. नायर (सप्तम कक्षा) |
| ५. | १९८८ वर्षम् | अविनेश (अष्टम कक्षा) |
| ६. | भारतरत्न: रामचन्द्र: | मेहुन: महेश: (सप्तम कक्षा) |
| ७. | श्रीमद्भगवद् गीता | अभिषेक: बाबक: (अष्टम कक्षा) |
| ८. | मा - नी - पी - चक्रम् | एम श्रीजित (षट् कक्षा) |

# वेदसूक्तयः

के. दिनकरप्रसादः,
अष्टम कक्षा

१. विश्वानिदेव सवितुर्दुरितानि परासुव ।
यद्भद्रन्तन्न आसुव ॥ यजुः 30.3

२. ओ३म् भूर्भुवः स्वः । तत्सवितुर्वरेण्यम्भर्गो देवस्य धीमहि ।
धियो यो नः प्रचोदयात् ॥
यजुः 3.36

३. अग्ने नय सुपथा राये अस्मान् विश्वानि देव वयुनानि विद्वान् ।
युयोध्यस्मज्जुहुराणमेनो भूयिष्ठान्ते नम उक्तिं विधेम ॥
यजुः 40.16

४. चित्रं देवानामुदगादनीकं चक्षुर्मित्रस्य वरुणस्याग्नेः ।
आप्रा द्यावा पृथिवी अन्तरिक्षं सूर्य आत्मा
जगतस्तस्थुषश्च स्वाहा ॥ 7.42

५. अग्निमीळे पुरोहितं
यज्ञस्य देवमृत्विजम् ।
होतारं रत्नधातमम् ॥
ऋक् 1.1

*
**

# परमवीरचक्रविजेतारौ

राजेशः भानुः
एकादशकक्षा

अस्मिन् गणतंत्रदिने द्वौ वीरौ परमवीरचक्रेण सम्मानितौ। तौ स्तः—मेजर रामस्वामी परमेश्वरः नायब सुबेदार बाणसिंहः च। मेजर परमेश्वरः तु मरणोपरांत एतेन सर्वोच्चवीरतापुरस्कारेण पुरस्कृतः। मेजर परमेश्वरेण श्रीलंकायां तमिल-उग्रवादीनां सम्मुखे स्वशौर्यं प्रदर्शितम्। नायबसुबेदारबाणसिंहेन जम्मूकश्मीर-प्रदेशे स्वशौर्यं प्रकटितम्।

राष्ट्रपतिना श्री रामस्वामीवेंकटरमणेन एतौ वीरौ परमवीरचक्रेण गणतंत्रदिवस समारोहे अलंकृतौ। राष्ट्रपतिः भारतीयसेनायाः सर्वोच्चः सेनापति अपि वर्तते। स्वतन्त्रता-पूर्वानंतर एतत् अलंकरणं दीयते इति ज्ञापनीयम्। 'चराति चरतो भगः' अर्थात् वीरश्रीः वीराणां एव कंठे स्वमालां अर्पयति। अद्यपर्यंतं कतिपयवीरपुरुषाः एव परमवीरचक्रेण अलंकृताः संति। एतस्यां मालिकायां मेजर परमेश्वरः ना-सु-बाणसिंहः विराजेते। ताभ्यां नमः।





# मम सैनिकशाला

कु. सर्वप्रीत. अष्टमकक्षा

मम सैनिकशाला कषकूटमनामकस्थले वर्तते। एषा शाला एकशत हेक्टरभूमौ विराजते। एतस्मात् विद्यालयात् अरबसमुद्रः प्रेक्षणीयः। अस्माकं विद्यालये गृहपद्धति अस्ति। अशोक, नेहरू, प्रसाद, शिवाजी इति तु गृहाणां नामानि। वेलुतंपी वल्लतोल इति नवागतेभ्यः तथा विस्तारगृहं अपि एतेषां कृते विद्यते।

अस्माकं विद्यालयेन गतषट्विंशतिवर्षेषु पुरोगतिः कृता। अस्माकं भूतपूर्वछात्राः ले कर्नल इति पदवीं स्थल-सेनायां वायुसेनायां नौसेनायां विंगकमांडर कमांडर च इति समकक्षविरुदं धारयन्ति। एतस्मिन् भूतपूर्वछात्रेण कर्नल श्रीकुमारेण विद्यालयं दृष्ट्वा संतोषः प्रकटितः। अस्माकं विद्यालयः केरलप्रदेशस्य प्राचीनतमं सैनिकस्कूल वर्तते। विद्यालयस्य रमणीयं परिसरं दृष्ट्वा कोपि जनः प्रसीदति। उक्तं च

"एषा मदीया खलु पाठशाला यत्र नित्यं अहं पठामि।
वसामि धावामि क्रीडामि तुर्णं च सदैव लभे अहम्॥



# नेहरुमहोदया—संस्कृतं च

कु. देवता पी. नायर
सप्तम कक्षा

पं. जवाहरलाल नेहरुमहोदयानां जन्मशताब्दिः आगामीवर्षे संपत्स्यते । संस्कृतविषये ते कथयंति—'यदि कश्चन पुरुषो मां पृच्छेत् , भारतस्य का विशाला संपदिति तथा च भारते श्रेष्ठतमं धनं किमस्तीति अस्य प्रश्नस्य उत्तरं अहं ददामि ।

भारतस्य अद्वितीया संपत् संस्कृता भाषा एव अस्ति । तथा संस्कृत भाषायां यदपूर्वं साहित्यं वर्तते, तत्सर्वं भारतस्य अतुलनीया महामूल्या संपदस्ति । अत्र च आध्यात्मिकः प्रवाहो वर्तते, स एव भारतस्य उत्तराधिकारो वर्तते । एष यावत्कालपर्यंतं भारते प्रवहिष्यति, तावत्काल-पर्यंतमेव भारतस्य प्रतिष्ठा सर्वेषु लोकेषु सुप्रतिष्ठिता भविष्यति इति ज्ञातव्यम् । अतोऽहमिच्छामि संस्कृतभाषाया अध्ययनाय अस्माकं भारते यथा उत्तमं प्रोत्साहनं मिलिष्यति तथा सर्वैः करणीयम् ।





# १९८८ वर्षम्

अविनेशः
अष्टम कक्षा

एतत् वर्षमसाधारणं वर्तते । अस्मिन् वर्षे अमेरिकायां राष्ट्रपतेः निर्वाचनं ऑलिंपिक क्रीडा च । अमेरिकायां सत्ताधारीपक्षस्य रिपब्लिकन प्रत्याशी उपराष्ट्रपति जॉर्जबुशमहोदयः भवेत् इति अपेक्ष्यते । विपक्षः डेमोक्रेटिक एकपक्षः तु गैरी हार्ट, रेव्हरंडजेसी जॅक्सन इतरेभ्यश्च स्वपक्षप्रत्याशी नेतुं शक्नोति । राष्ट्रपतिरेगन-महोदयेन गोर्बचेव्हमहोदयेन सह संधिं कृत्वा लोकप्रियता प्राप्ता ।

अन्यः विषयः ऑलिंपिक क्रीडा वर्तते । शीतकालीन-ऑलिंपिक कॅनडादेशे समाप्ता किंतु ग्रीष्म-ऑलिंपिकस्पर्धा तु दक्षिणकोरियायाः राजधान्यां सेऊलनगर्यां सप्टेंबरमासस्य सप्तदश दिनांकतः ऑक्टोबरमासस्य द्वितीय दिनांकपर्यंतं भविता । पॅलेस्टिनसमस्या, इराण-इराकयुद्धं श्रीलंकायां तमिलप्रश्नाश्च गतवर्षसमानमेव वर्तते ।

# भारतरत्नः रामचंद्रः

मेहुलः महेशः
सप्तामकक्षा

दिवंगताय मरुतुरगोपालरामचंद्राय भारत-शासनेन सर्वोच्चपुरस्कारेण भारतरत्नेन अलंकृतः इति उचितमेव वर्तते । एम. जी आर. इति ख्यातेन एतेन नेत्रा दरिद्रेभ्यः पतितेभ्यश्च महत् कार्यं कृतम् । तमिलनाडराज्यस्य मुख्यमंत्रित्वेन दशवर्षपर्यंतं मार्गदर्शनं कृतम् । स चलचित्राणां लोकप्रियः अभिनेता आसीत् ।

तेन मातातेरेसानाम्ना महिलाविश्वविद्यालयः अपि स्थापितः । अण्णाद्र. मु. क. इति दलस्य स निर्माता आसीत् । भारतीयराजधान्यां तेन स्वस्थानं निर्मितम् । तस्य निधनेन एकस्य युगस्य समाप्तिः अभवत् । आजीवनं तेन दुर्बलवर्गीयाणां कल्याणाय कार्यं कृतम् । कथितं च—

"मरुतुरगोपालरामचंद्राय तमिलनेत्रे नमो नमः ।
येन निर्धनसेवायां स्वजीवनं समर्पितम् ॥"

## श्रीमद् भगवद्गीता

अभिषेकः बालकः
अष्टमकक्षा

"गीता सुगीता कर्तव्या किमन्यैः
शास्त्रविस्तरैः"
इति उक्तिः सार्था प्रतीयते श्रीमद्
भगवद्गीता

महाभारतस्य अविभाज्यं अंगं वर्तते । अष्टादशाध्यायेषु भगवता श्रीकृष्णेन अर्जुनाय दत्तः उपदेशः गीतायां संकलितः । 'निमित्तमात्रं भव सव्यसाचिन्' इति उक्त्वा श्रीकृष्णेन अर्जुनः उपदिष्टः

"कर्मण्येवाधिकारस्ते मा फलेषु कदाचन"
निष्कामकर्म, सर्वधर्मसमन्वयः च इति गीतायाः सदुपदेशः । अस्मिन् युगे अपि गीतोपदेशः अनुकरणीयः ।

"परित्राणाय साधूनां विनाशाय च दुष्कृताम् ।
धर्मसंस्थापनार्थाय संभवामि युगे युगे" ।

इति श्रीकृष्णेन अर्जुनः आश्वासितः । महात्मा गांधी, लोकमान्य-तिलकः, ज्ञानेश्वरः, योगि अरविन्दः, श्रीशंकराचार्यः इति महापुरुषैः गीतोपदेशः स्वस्वभाषाया टीकाटिप्पणिभि - परिचर्चिता ।

—•—

## भा-नौ-पो-चक्रम्

एस. श्रीजित्
षट् कक्षा

अस्मिन् वर्षे भारतीयनौसेनायां नवजलमग्ननौका प्राप्ता । तस्याः नाम भा. नौ. पो. चक्रम् इति वर्तते । एषा नौका तु अणुशक्त्या चलिता । रूसनौसेनया अयं पोतः भारतीयनौसेनायै प्रदत्तः ।

एशियाखंडे भारतं द्वितीयो देशः यत् जलमग्ननौका अणुशक्त्या संचालिता । चीनदेशः तु प्रथमदेशः वर्तते । सहस्रवर्षानेकटनजलप्रसरणेन एषानौका लेनिनग्राडप्रांगणे निर्मिता । चतुर्विंशत् टार्पेडो प्रक्षेपणं एषा नौका कर्तुं शक्नोति ।

किन्तु इयं नौका अणुअस्त्रान् नैव वहति । अमेरिका, ब्रिटन, फ्रान्स रूस इति देशः एव अणुशक्ति संचालित नौकानां स्वामित्वं कुर्वन्ति । अत एवं भारतीयनौसेना अधुना शक्तिशालिनी भवति । उक्तं च—

"सैन्यबलं एव देशं दृढीकरोति, तस्मात् शक्तिः ।
सामर्थ्यं च तस्मात् महत्ता राष्ट्रेषु सैन्यं
प्राप्तव्यम् ॥"

—•—



With best compliments from:

**ASIAN BAKERS (INDIA)**

**Pangappara, Trivandrum 695 581**

Phone: Office 60154 Res: 70516

## ടൂറിസ വികസനത്തിൽ നമുക്കിനിയും ബഹുദൂരം സഞ്ചരിക്കേണ്ടതുണ്ട്

നമുക്കഭിമാനിക്കാം—

വിശ്വവിഖ്യാതമായ കോവളം കടൽത്തീരമുണ്ട്.
തേക്കടി വന്യമൃഗസങ്കേതമുണ്ട്.
മൂന്നാറും പൊൻമുടിയും പീരുമേടും ഉണ്ട്.
നമ്മുടെ പ്രകൃതി ദൃശ്യങ്ങൾ അതുല്യമനോഹരങ്ങളാണ്.
നമ്മുടെ നാട്ടുകാർ വിദ്യാസമ്പന്നരും ആതിഥ്യമര്യാദയുള്ളവരും ആണ്.

എന്നിട്ടും

ആഗോള വിനോദസഞ്ചാരികളിൽ ചെറിയൊരു ശതമാനം മാത്രം ഇന്ത്യയിലെത്തുന്നു. അതിൽ കേരളത്തിന്റെ പങ്കും കുറവാണ്.

കേരളത്തിന്റെ സാമ്പത്തികോന്നമനത്തിൽ ടൂറിസത്തിനു മുഖ്യമായ പങ്കു വഹിക്കാൻ കഴിയും. കേരള സർക്കാരിന്റെ ടൂറിസ വികസനശ്രമങ്ങൾക്ക് ബഹുജനങ്ങളുടെ അനുഭാവപൂർണ്ണമായ—പങ്കാളിത്തം ആവശ്യമാണ്.

"നമ്മുടെ രാജ്യം സന്ദർശിക്കുന്ന ഓരോ അതിഥിയെയും
ബഹുമാന്യനായ അതിഥിയായി മാനിച്ചാദരിക്കുക".

**ISSUED BY THE DEPARTMENT OF TOURISM**
**GOVERNMENT OF KERALA**

---

*With best compliments from*

# TRINITARIAN PRINTERS

(*Defence Contractor*)

**TRIVANDRUM-695 001**

Phone: 73756

*With the best compliments from*

# NOORI VIDEO VISION

**PETTAH**
**TRIVANDRUM**

---

*With the best compliments from*

# K. MOHAN

Eggs Contractor

TRIVANDRUM

WHEN THE TIMES MOVE SKYWARDS
CHART YOUR DREAMS ACROSS THE SKY

**AIRTRAVEL ENTERPRISES (KERALA) PVT. LTD.**
**GROUND FLOOR, NEW CORPORATION BUILDING**
M. G. ROAD, PALAYAM, TRIVANDRUM-695 033
Phone: 63872, 67627, 60690, 60270, 64604
Telex 0435 295 ATE IN Cable: ROUGHRIDER

Branches:

RUKIYABAGH
RAVIPURAM
M. G. ROAD
COCHIN: 682 016
Phone 369246, 362082
Telex: 0885 6255 ATE IN

No. 18 First Floor
Thiru Vi Ka Road
Near Sathyam Theatre
MADRAS: 600 014
P.P 27208/28387

E 6/505 FIRST FLOOR
CHEROOTTY ROAD
CALICUT: 673 023
Phone: 63658, 65249
Telex: 0804 253 ATE IN

*With the best compliments from*

**C. KRISHNAN**
**Vegetable Contractor**
**PALAYAM, TRIVANDRUM**

*With best compliments from*

**UNION BANK OF INDIA**
**KAZHAKOOTAM**

With best compliments from

# A
# WELL WISHER

**KANIYAPURAM**

With best compliments from

# MINERVA STUDIO

**Station Road**

**TRIVANDRUM 695 001**

Phone : Studio 75575 Res. 72673

# KELTRON

*Electronics has made our life what it is today.*
*Keltron*
*has brought electronics*
*to your life to make it*
*what it is today*

The list of wonderful things which electronics has done to our life, making it interesting, comfortable and useful, is endless.
In our country, particularly to Kerala, the one Company which has brought the benefits of electronics within the reach of the common man is KELTRON. And, every thing that KELTRON does today is bringing the fruits of high-tech electronics to the home front- making your life more enjoyable and worth living.

Consumer Electronic Products
Communication Systems
Electronic Components
Industrial Electronic Systems
Process Control
Instrumentation
Cybernetics Systems
Special Products For Defence

**Kerala State Electronics Development Corporation Limited**
Keltron House, Vellayambalam, Trivandrum-695 033
Telephone: 60621 Telex: 0884-273 KEDC IN Telegram: ELECTRONIC
**Bombay, Delhi, Calcutta, Madras, Bangalore, Trivandrum, Ahmedabad, Hyderabad**



## THE STRENGTH & SECURITY OF THE NATION IS MOULDED BY YOUR HANDS AND ITS HEALTH BY OURS.....

**MILMA – BECAUSE YOUR HEALTH IS OUR CONCERN**

WISHING SAINIK SCHOOL THE VERY BEST

**KERALA CO-OPERATIVE MILK MARKETING FEDERATION LTD.**

**Acknowledgements**

The Sainik School, Kazhakootam
gratefully acknowledges the receipt of
magazines and periodicals from all
the other sister institutions in the country.

The business houses for readily agreeing
to advertise in the present number
of the magazine.

The Valsa Printers, Trivandrum
for the help rendered in bringing
out the issue at a juncture when it almost
semed an uphill task.



**The Pious Creed**

"The safety, honour and welfare
of your country come first
always and every time.

The honour, welfare and comfort
of the men you command come next.

Your own ease, comfort and
safety come last, always and every time"

GEN. PHILIP CHETWODE